കരട്

## ഫാറം-IV

[ചട്ടം 19(2) കാണുക]

**കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ**

2016-ലെ കേരള നഗര- ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോട്ടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ (കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ) കരട് മാസ്റ്റർ പ്ലാൻ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിഷ്കരണങ്ങളോട്ടു കൂടി സ്വീകരിച്ചത്, കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റായ http://kollamcorporation.gov.in -ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**വടക്ക്** : നീണ്ടകര ഗ്രാമപഞ്ചായത്ത്, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, തൃക്കരുവ ഗ്രാമപഞ്ചായത്ത്, പനയം ഗ്രാമപഞ്ചായത്ത്, പെരിനാട് ഗ്രാമപഞ്ചായത്ത്.

**കിഴക്ക്** : കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്.

**തെക്ക്** : അറബിക്കടൽ

**പടിഞ്ഞാറ്** : അറബിക്കടൽ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദനഗരാസൂത്രണ പദ്ധതികള്

1. കടപ്പാക്കട ആന്റ് സറൗണ്ടിംഗ്
2. ഏരിയ ഫ്രം കുഞ്ഞമ്മ പാലം ടു ഡിസ്ട്രിക് ഹോസ്പിറ്റൽ
3. ഏരിയ ബിറ്റ്വിൻ പി.ഡബ്ല്യു.ഡി ഓഫീസ് ആന്റ് ഡി.എസ്.പി ഓഫീസ് ജംഗ്ഷൻ
4. റോഡ് ഫ്രം താലൂക്ക് ഓഫീസ് ജംഗ്ഷൻ ടു സിവിൽ സ്റ്റേഷൻ ജംഗ്ഷൻ

(ബി) പ്രസിദ്ധീകരിച്ച വിശദന നഗരാസൂത്രണ പദ്ധതികൾ – ബാധകമല്ല

(സി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

1. കടപ്പാക്കട ആന്റ് സറൗണ്ടിംഗ്
2. ഏരിയ ഫ്രം കുഞ്ഞമ്മ പാലം ടു ഡിസ്ട്രിക് ഹോസ്പിറ്റൽ
3. റോഡ് ഫ്രം താലൂക്ക് ഓഫീസ് ജംഗ്ഷൻ ടു സിവിൽ സ്റ്റേഷൻ ജംഗ്ഷൻ

Scanned with OKEN Scanner

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചതു കൊണ്ടും മിച്ചമുള്ള പദ്ധതി ഉദ്ദേശ്യങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയതിനാലും ചില പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കാലഹരണപ്പെട്ടതിനാലും

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

1. ഏരിയ ബിറ്റവീൻ പി.ഡബ്ല്യു.ഡി ഓഫീസ് ആന്റ് ഡി.എസ്.പി ഓഫീസ് ജംഗ്ഷൻ

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 36(12), 61, 62 എന്നീ വകുപ്പുകൾ പ്രകാരം ബാധകമാകുന്ന നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി

മേയർ 11/4/23

സ്ഥലം കൊല്ലം

തീയതി 11/4/2023.

Scanned with OKEN Scanner